## "ഞാൻ ഓട്ടം തികച്ചു" എന്ന് ജയോത്സവമയി പ്രഖ്യാപിക്കുവാൻ സാധിക്കണം

### I. "ഞാൻ ഓട്ടം തികച്ചു"—2 തിമൊ. 4:7

- സ്വർഗീയ ഓട്ടം തികയ്ക്കുന്നതിന് നാം തുടർച്ചയായി ഓടണം
- ഓട്ടം തികയ്ക്കുന്നവർക്ക് കർത്താവിൽനിന്നും ഒരു പ്രതിഫലം ലഭിക്കും—നീതിയുടെ കിരീടം

## നമ്മുടെ വ്യക്തിപരമായ ക്രിസ്തീയ ജീവിതം ദൈവത്തിന്റെ വ്യവസ്ഥയുമായ് ഒന്നായിരിക്കണം

### II. ശരിയായ ഒരു ക്രിസ്തീയ ജീവിതത്തിൽ ദൈവത്തിന്റെ നിത്യോദ്ദേശ്യമനുസരിച്ച് അവന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനു വേണ്ടി ഓട്ടം ഓടുന്നതും ഓട്ടം തികയ്ക്കുന്നതും ഉൾപ്പെടുന്നു

- കർത്താവ് നമുക്കുവേണ്ടി നിയോഗിച്ചിരിക്കുന്ന യാത്ര നാം അന്വേഷിക്കുകയും, പൂർണ്ണഹൃദയത്തോടെ, എന്തു വിലയും കൊടുത്തുകൊണ്ട് വിശ്വസ്തതയോടെ അതിൽ നടക്കുകയും വേണം
- കർത്താവ് നമുക്കായി നിയോഗിച്ചിട്ടുള്ള യാത്രയാണ്, നാം എല്ലാവരും ഓടുന്ന ഓട്ടം
- "നമുക്കു മുമ്പാകെ വച്ചിരിക്കുന്ന ഓട്ടം സഹിഷ്ണുതയോടെ ഓടണം"
  - ഒരു സവിശേഷാർഥത്തിലുള്ള പ്രതിഫലം നേടുന്നതിന്, നാം ഓട്ടം ഓടണം
  - സഹിഷ്ണുതയോടെ എതിർപ്പിനെ സഹിച്ചുകൊണ്ട് സഹിഷ്ണുതയോടെ നാം ഓട്ടം ഓടണം
- എങ്ങനെ നാം ഓടണം — "യേശുവിങ്കലേക്കു നോക്കിക്കൊണ്ട്"
  - യേശു വിശ്വാസത്തിന്റെ കാരണഭൂതനും, ആരംഭകനും, തുടക്കമിടുന്നവനും, സ്രോതസ്സും, കാരണവും ആണ്. അവൻ വിശ്വാസികളുടെ വിശ്വാസമായിത്തീരുന്നു.
  - മറ്റെല്ലാ വസ്തുക്കളിൽനിന്നും തിരിഞ്ഞ് അവിഭാജ്യ ശ്രദ്ധയോടെ നാം നാം യേശുവിങ്കലേക്ക് നോക്കുമ്പോൾ, അവൻ അവനെക്കൊണ്ടുതന്നെ, അവന്റെ വിശ്വസിക്കുന്ന മൂലകത്തെക്കൊണ്ട്, നമ്മെ നിവേശിപ്പിക്കുന്നു
  - നാം കർത്താവിൽനിന്ന് അനുഭവിച്ച കാര്യങ്ങൾ വിശ്വസിക്കുവാനും സംസാരിക്കുവാനും നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ, നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിനെ, നാം പ്രയോഗിക്കണം
  - കാണുന്നവ താൽക്കാലികമാണ്, എന്നാൽ കാണാത്തവ നിത്യമാണ്; ക്രിസ്തീയ ജീവിതം കാണാത്ത കാര്യങ്ങളുടെ ഒരു ജീവിതമാണ്
  - സഭയുടെ അധഃപതനം കാണാത്ത കാര്യങ്ങളിൽനിന്നും കാണുന്നതിലേക്കുള്ള അധഃപതനമാണ്
  - യേശു വിശ്വാസം തികയ്ക്കുന്നവനാണ്, വിശ്വാസത്ത പൂർത്തീകരിക്കുന്നവനും (Finisher) പൂർണമാക്കുന്നവനും (Completer) ആണ്
  - നാം അവങ്കലേക്ക് നിരന്തരം നോക്കുമ്പോൾ, നാം സ്വർഗീയ ഓട്ടം ഓടുവാൻ ആവശ്യമായ വിശ്വാസം അവൻ പൂർത്തീകരിക്കുകയും പൂർണമാക്കുകയും ചെയ്യും
- യിസ്രായേൽമക്കളുടെ മുൻകുറി നമ്മുക്ക് ഒരു പ്രോത്സാഹനവും മുന്നറിയിപ്പും ആയിരിക്കണം
  - ദൈവത്തിന്റെ വിളിയുടെ ലക്ഷ്യത്തിലെത്തുവാൻ, ഇന്നത്തെ യുഗത്തിലും രാജ്യയുഗത്തിലും നാം പരാജപ്പെട്ടേക്കാം. അതിനാൽ യിസ്രായേൽമക്കളുടെ മുൻകുറി നാം ശ്രദ്ധിക്കണം.
- നമുക്കോരോരുത്തർക്കും വേണ്ടി ദൈവം നിയോഗിച്ച യാത്രയുടെ അവസാനഭാഗം ആണ് യാത്രയുടെ ഏറ്റവും പ്രയാസകരമായ ഭാഗം
  - ക്രിസ്തീയ ജീവിതത്തിലെ ഒരു പ്രധാന കാര്യം കർത്താവ് നിയോഗിച്ചിട്ടുള്ള യാത്ര അന്വേഷിക്കുകയും അതിൽ വിശ്വസ്തതയോടെ നടക്കുകയും ചെയ്യുക എന്നതാണ്.
  - ശരിയായ ഗതിയിൽ ആയിരിക്കുന്നതിൽ നാം സന്തോഷിച്ചേക്കാം, എന്നാൽ എങ്ങനെ ഓടുകയും അത് അവസാനിപ്പിക്കുകയും ചെയ്യുന്നു എന്നത് അപ്പോഴും ഒരു ചോദ്യമാണ്.
- ഒരു കാരണവശാലും നമ്മുടെ ദേഹിയിൽ തളർന്നു പോകരുത്; മറിച്ച്, ഓട്ടം അവസാനം വരെ ഓടുന്നവരായിരിക്കണം നാം
  - വീഴുകയും വീണ്ടും എഴുന്നേൽക്കുകയും ചെയ്യുന്നവനാണ് ഏറ്റവും നല്ല ഓട്ടക്കാരൻ: "എന്റെ ശത്രുവായവളേ, എന്നെച്ചൊല്ലി സന്തോഷിക്കരുത്; വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചം ആയിരിക്കുന്നു"
  - നാം വിട്ടുകളയുകയോ, ക്ഷീണിച്ചുപോകുകയോ, നമ്മുടെ ദേഹിയിൽ തളർന്നുപോകുകയോ ചെയ്യാതെ യേശുവിങ്കലേക്ക് നോക്കുകയും നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം ഓടുകയും വേണം